## ഉപയോഗിച്ച ഫോം തെറ്റാണെന്ന കാരണത്താൽ ഇൻപുട്ട് നികുതി ആനുകൂല്യം നിഷേധിക്കാനാവില്ല

### കേരള ഹൈക്കോടതി

W.A. No. 511/2020 Dt. 4.6.2020

ഗുഡ്സ് ഏന്റ് സർവീസസ് ടാക്സ് നെറ്റ്‌വർക്ക്

x

ലിയോ ഡിസ്ട്രിബ്യൂട്ടേഴ്സ്

ചരക്ക്-സേവന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണ് നികുതിദായകൻ നടത്തുന്നത്. ഇൻപുട്ട് നികുതി ഇളവിന് നികുതിദായകന് അർഹതയുണ്ട്. നികുതി നിയമത്തിൽ കാതലായ മാറ്റങ്ങൾ വന്നതിനാൽ സർവ്വത്ര ആശയക്കുഴപ്പമാണ് നിലവിലുള്ളത്. നികുതി ഉദ്യോഗസ്ഥർക്കും നികുതിദായകർക്കും പുതിയ സമ്പ്രദായത്തിലെ നടപടിക്രമങ്ങളെക്കുറിച്ച് അപൂർണ്ണ പരിജ്ഞാനമാണുള്ളത്. ഇപ്രകാരമിരിക്കെ ഇൻപുട്ട് നികുതി ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി നികുതിദായകൻ ഇന്റർനെറ്റ് വഴി അപേക്ഷ സമർപ്പിച്ചു. അപേക്ഷ നല്കിയത് തെറ്റായ ഫോമിലാണെന്നും കാലപരിധി തീർന്നതിനു ശേഷമാണ് അപേക്ഷ നല്കിയതെന്നും കാണിച്ച് നികുതിദായകന്റെ അപേക്ഷ നികുതി ഉദ്യോഗസ്ഥൻ തള്ളിക്കളഞ്ഞു. ഇതിനെതിരെ നികുതിദായകൻ ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇൻപുട്ട് നികുതി ആനുകൂല്യം ലഭിക്കാൻ തനിക്ക് നിയമപരമായി അർഹതയുണ്ടെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. അപേക്ഷ നല്കാൻ തെറ്റായ ഫോം ഉപയോഗിച്ചത് അറിവില്ലായ്മകൊണ്ടും പരിചയക്കുറവുകൊണ്ടുമാണെന്നും അപേക്ഷ യഥാസമയം നല്കാൻ കഴിയാതെ പോയത് നികുതി വകുപ്പിന്റെ വെബ് പോർട്ടലിന്റെ തകരാറുകൊണ്ടാണെന്നും ഹർജിക്കാരൻ ഹൈക്കോടതിയിൽ ബോധിപ്പിച്ചു. ഇൻപുട്ട് നികുതി ആനുകൂല്യം നല്കണമെന്നും വെബ് പോർട്ടലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്നും അതിന് കഴിയില്ലെങ്കിൽ സാധാരണ രീതിയിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടു. നികുതിദായകന്റെ ഭാഗത്താണ് വീഴ്ചയുണ്ടായിട്ടുള്ളതെന്നും വെബ് പോർട്ടലിന് യാതൊരു തകരാറുമില്ലെന്നും മറ്റും നികുതി ഉദ്യോഗസ്ഥൻ വാദിച്ചു. നികുതിദായകൻ തെറ്റായ ഫോം ഉപയോഗിച്ചത് മനഃപൂർവ്വമല്ലെന്നും അബദ്ധവശാലാണെന്നും യഥാസമയം അപേക്ഷ നല്കാൻ ശ്രമിച്ചിട്ടും സാധിക്കാതെ പോയതാണെന്ന് വ്യക്തമായിട്ടുണ്ടെന്നും വിലയിരുത്തിയ സിംഗിൾ ബഞ്ച് നികുതിദായകന്റെ റിട്ട് ഹർജി അനുവദിച്ചു. ഇതിനെതിരെ നികുതി ഉദ്യോഗസ്ഥൻ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. പുതിയ സമ്പ്രദായത്തിൽ ഉപയോഗിച്ച ഫോം തെറ്റിപ്പോയി എന്നോ കാലതാമസം വരുത്തിയെന്നോ ചൂണ്ടിക്കാട്ടി അർഹതപ്പെട്ട ഇൻപുട്ട് നികുതി ആനുകൂല്യം നിഷേധിക്കാനാവില്ലെന്ന് ഓർമ്മപ്പെടുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും വെബ് പോർട്ടലിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുകയോ സാധാരണ രീതിയിൽ അപേക്ഷ സമർപ്പിക്കാൻ അനുവദിക്കുകയോ ചെയ്യണമെന്നും നികുതിദായകന് ഇൻപുട്ട് നികുതി ആനുകൂല്യം നല്കണമെന്നും നിർദ്ദേശിക്കുകയും നികുതി ഉദ്യോഗസ്ഥന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.